WEDNESDAY 30-03-2022 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/03/2022.

1. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 ഡബ്ല്യു സി റ്റി (WCT) തെങ്ങിൻ തൈകൾ തൈ ഒന്നിന് 110 രൂപ നിരക്കിൽ വിൽപനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540, 2371340** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. അതിയന്നൂർ ബ്ലോക്ക് ക്ഷീരകർഷക സംഗമം ഉച്ചക്കട ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ ഉച്ചക്കട റ്റിജെഎം പാരിഷ്ഹാളിൽ വച്ച് ഇന്ന് (മാർച്ച് 30) നടത്തുന്നു. ഇതിനോടനുബന്ധിച്ച് ഫാർമേഴ്സ് ഇൻഫർമേഷൻ കം ഫെസിലിറ്റേറ്റൻ സെന്റർ, സോളാർ പാനൽ എന്നിവയുടെ ഉദ്ഘാടനം, കന്നുകാലി പ്രദർശനം, എക്സിബിഷൻ, സെമിനാർ, ക്ഷീരകർഷകരെ ആദരിക്കൽ, തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ 10 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) വിവിധ പ്രോജക്ടുകൾക്കായി പരിചയ സമ്പന്നരും കാർഷിക മേഖലകളിൽ യോഗ്യതയും ഉള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിൽ പ്രോജക്ട് കൺസൽട്ടന്റ്മാരെ എംപാനൽമെന്റ് ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **ഏപ്രിൽ 8** ആണ്. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471-2471343/2471344** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി.)-ൽ ലഭ്യമായിട്ടുള്ള മെഷീനറികൾ, ടെസ്റ്റിങ് ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് റബ്ബർബോർഡ് അവസരം നൽകുന്നു. വ്യവസായസ്ഥാപനങ്ങളിൽനിന്ന് സാക്ഷ്യപ്പെടുത്തിയവർക്കും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പുതിയ വ്യവസായങ്ങളിൽ ഏർപ്പെടാൻ താൽപര്യവും കഴിവും ഉള്ളവരുമായ വ്യക്തികൾക്കും അവരുടെ ഉത്പന്നങ്ങളുടെ വികസനവും പരിശോധനകളുമായി ബന്ധപ്പെട്ട് സ്വന്തമായി പ്രോട്ടോടൈപ്പുകളും സാമ്പിളുകളും ഉണ്ടാക്കുന്നതിനുള്ള പരീക്ഷണങ്ങൾക്ക് മിതമായ നിരക്കിൽ ഈ സൗകര്യം ഉപയോഗിക്കാൻ കഴിയും. വിദ്യാർത്ഥികൾ, സംരംഭകർ, ഗവേഷകർ തുടങ്ങിയവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് **0481 – 2353325** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന എ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

6. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം നാളെ വരെ (മാർച്ച് 31 വരെ) കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

7. ഒട്ടുമാവിൻ തൈകളുടെ കൊമ്പുകളിൽ ചിലത് പെട്ടെന്ന് ഉണങ്ങി കരിഞ്ഞു പോകുന്നതായി പലയിടങ്ങളിലും കണ്ടുവരുന്നുണ്ട്. കൊമ്പുണക്കം എന്ന രോഗമാണിത്. കൊമ്പുകൾ അറ്റത്തു നിന്നും താഴേക്ക് ഉണങ്ങുന്നതാണ് ലക്ഷണം. രോഗഹേതു ഒരു കുമിളാണ്. ഉണക്ക് എവിടം വരെയായിട്ടുണ്ടോ അതിന് ഒരിഞ്ച് താഴെ വച്ച് മൂർച്ചയുള്ള കത്തികൊണ്ട് കൊമ്പു മുറിച്ചു മാറ്റി കത്തിച്ചു കളയണം. എന്നിട്ട് ബോർഡോ മിശ്രിത കുഴമ്പ് പുരട്ടണം. 100 ഗ്രാം നീറ്റുകക്ക അര ലിറ്റർ വെള്ളത്തിൽ കലക്കുക. അതുപോലെ തന്നെ 100 ഗ്രാം തുരിശും അര ലിറ്റർ വെള്ളത്തിൽ വേറെയായി കലക്കിയെടുക്കുക. ഇവ രണ്ടും കൂടി നന്നായി ലയിപ്പിച്ചെടുക്കുന്നതാണ് ബോർഡോ മിശ്രിത കുഴമ്പ്. കൂടാതെ ഒരു ശതമാനം വീര്യത്തിൽ തയ്യാറാക്കിയ ബോർഡോ മിശ്രിതം മരം മുഴുവൻ നനയത്തക്കവിധം തളിക്കുന്നതും

നല്ലതാണ്. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തയ്യാറാക്കുന്നതിന് 100 ഗ്രാം നീറ്റുകക്ക 5 ലിറ്റർ വെള്ളത്തിൽ കലക്കുക. 100 ഗ്രാം തുരിശ് വേറെ 5 ലിറ്റർ വെള്ളത്തിൽ കലക്കുക. എന്നിട്ട് തുരിശു ലായനി കക്ക ലായനിയിലേക്ക് കുറേശ്ശെ ചേർത്ത് ഇളക്കുക. സ്യൂഡോമോണാസ് എന്ന ബാക്ടീരിയയുടെ പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇടയ്ക്ക് കലക്കി തളിക്കുന്നതും നല്ലതായിരിക്കും.

**മൃഗപരിപാലന നിർദ്ദേശങ്ങൾ**

8. അത്യുഷ്ണത്തിൽ നിന്നും പശുക്കളെ സംരക്ഷിക്കുന്നതിനായി തൊഴുത്ത് നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇനി പറയുന്നു

കന്നുകാലി തൊഴുത്തിന്റെ മേൽക്കൂരയിൽ ഓല, വൈക്കോൽ, ചാക്ക് എന്നിവ ഇട്ടുകൊടുക്കുന്നതും മേൽക്കൂരയ്ക്ക് താഴെ താൽക്കാലിക തട്ട് അടിയ്ക്കുന്നതും, മേൽക്കൂര ഇടവിട്ട് നനച്ചുകൊടുക്കുന്നതും, തൊഴുത്തിനുള്ളിലെ ചൂട് കുറയ്ക്കുന്നതിന് സഹായിക്കും. തൊഴുത്തിനു ചുറ്റും തണൽമരങ്ങൾ നട്ടുപിടിപ്പിച്ചും തൊഴുത്തിന്റെ വശങ്ങൾ തുറന്നുവയ്ച്ചും തൊഴുത്തിലെ ചൂട് കുറയ്ക്കാം. സൂര്യപ്രകാശം നേരിട്ട് തൊഴുത്തിനുള്ളിൽ വീഴാതിരിക്കുവാൻ മേൽക്കൂരയുടെ ചായ്‌വ് 3 അടിവരെ നീട്ടിക്കൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം